## പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. *211 — 12-02-2019-ലെ മറുപടി

## പ്രളയത്തിന് ശേഷം ജലനിരപ്പ് ക്രമാതീതമായി താഴ്ന്ന അവസ്ഥ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. എ.പി. അനിൽ കുമാർ<br>,, വി.ഡി.സതീശൻ<br>,, അൻവർ സാദത്ത്<br>,, റോജി.എം.ജോൺ : | | കെ. കൃഷ്ണൻകുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) | പ്രളയത്തിന് ശേഷം സംസ്ഥാനത്തെ കിണറുകളിലും പുഴകളിലും ജലനിരപ്പ് ക്രമാതീതമായി താഴ്ന്ന അവസ്ഥ ഉണ്ടായിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് നടത്തിയ പഠനത്തിൽ കണ്ടെത്തിയിട്ടുള്ള വസ്തുതകളെന്താണെന്ന് വ്യക്തമാക്കാമോ; | എ) | 2018 ആഗസ്റ്റിലുണ്ടായ പ്രളയത്തെത്തുടർന്ന് പുഴകളിലും സമീപപ്രദേശത്തെ കിണറുകളിലും ജലനിരപ്പ് താഴ്ന്ന അവസ്ഥ സംജാതമായിട്ടുണ്ട്. ഇതുസംബന്ധിച്ച് സെന്റർ ഫോർ വാട്ടർ റിസോഴ്സസ് ഡെവലപ്മെന്റ് & മാനേജ്മെന്റ് (CWRDM) പഠനം നടത്തിയിട്ടുണ്ട്, പ്രസ്തുത പഠനത്തിൽ കണ്ടെത്തിയ വസ്തുതകൾ ചുവടെ ചേർക്കുന്നു.<br>പ്രളയത്തെ തുടർന്നുള്ള മണ്ണൊലിപ്പും ഭൂഗർഭജലത്തിന്റെ അതിശക്തമായ ഒഴുക്കും മൂലം പുഴകളുടെ അടിത്തട്ടുകളിൽ താഴ്ച സംഭവിച്ചതും, നദികളുടെ അടിത്തട്ടിൽ ചെളിയും എക്കലും അടിഞ്ഞ് സുഷിരങ്ങളില്ലാത്ത പ്രതലം (Impermeable layer) ഉണ്ടാകുന്നതും, നദീമുഖത്തേയ്ക്ക് വേഗത്തിൽ ജലം ഒഴുകുന്നതും, റെഗുലേറ്ററുകളുടെ അപര്യാപ്തതമൂലം ജലനിരപ്പ് സംരക്ഷിക്കാൻ കഴിയാത്തതും, ഭൂഗർഭത്തിലേയ്ക്ക് ഒഴുകിപോകുന്ന ജലത്തിന്റെ അളവ് കുറഞ്ഞതും പ്രളയശേഷമുള്ള മഴയുടെ ലഭ്യതക്കുറവും നേരിയതോതിലെങ്കിലും പുഴകളിലേയും മറ്റ് ജലസ്രോതസ്സുകളിലേയും ജലനിരപ്പ് കുറയുന്നതിന് കാരണമായിട്ടുണ്ട്. |
| ബി) | വരുന്ന വേനൽക്കാലത്ത് ഇത് കടുത്ത ശുദ്ധജലക്ഷാമത്തിന് ഇടയാക്കുമെന്ന റിപ്പോർട്ടുകൾ ഗൗരവമായി എടുത്തിട്ടുണ്ടോ; | ബി) യും സി) യും | കടുത്ത ശുദ്ധജലക്ഷാമത്തിന് ഇടയാക്കുമെന്ന റിപ്പോർട്ടുകൾ ഒന്നും ലഭ്യമായിട്ടില്ല. സംസ്ഥാനത്ത് വരൾച്ചയുടെ കാഠിന്യം നിർണ്ണയിക്കുന്നത് വേനൽ മഴയുടെ ലഭ്യതയെ ആശ്രയിച്ചായിരിക്കും. 2018 |

| | | | |
|---|---|---|---|
| സി) | എങ്കിൽ കിണറുകളുടെയും പുഴകളുടെയും സംരക്ഷണത്തിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ? | | ആഗസ്റ്റിലെ പ്രളയത്തിനു ശേഷം മഴ ലഭ്യതയിൽ വന്ന കുറവ് പരിഗണിച്ച് ഡാമുകളിൽ ലഭ്യമായിട്ടുള്ള ജലം വിനിയോഗിക്കുന്നതിൽ അതീവ ശ്രദ്ധ പുലർത്തണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതോടൊപ്പം മറ്റ് ജലസ്രോതസ്സുകളിൽ ലഭ്യമായ ജലം കാർഷികാവശ്യത്തിനും മറ്റ് ആവശ്യങ്ങൾക്കും വിനിയോഗിക്കുമ്പോൾ ജലനഷ്ടം കുറച്ച് ജലവിഭവ വിനിയോഗ മാനേജ്മെന്റ് ശാസ്ത്രീയമായി നിർവ്വഹിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ ഹരിതകേരളം മിഷന്റെ ഉപമിഷനായ ജലസമൃദ്ധിയുടെ ഭാഗമായി ജലസംരക്ഷണം, ജലവിനിയോഗം എന്നിവയുടെ പ്രാധാന്യത്തെക്കുറിച്ചുള്ള ക്ലാസ്സുകൾ ചർച്ചകൾ ഭൂജല പോഷണം സാധ്യമാകുന്ന പ്രവൃത്തികൾ എന്നിവയും നിർവ്വഹിച്ചുവരുന്നു. പുഴകളുടെ സംരക്ഷണത്തിനും ജലമലിനീകരണം തടയുന്നതിനുമായി തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ സഹകരണത്തോടും ജനപങ്കാളിത്തത്തോടെയും വിവിധ പ്രവർത്തനങ്ങൾ ഏറ്റെടുത്തിട്ടുണ്ട്. വരട്ടാർ, മീനച്ചിൽ-മീനന്തറ-കൊടൂരാർ, കിള്ളിയാർ ശുചീകരണം (തിരുവനന്തപുരം നഗരസഭാ പരിധി വരെ) പള്ളിക്കലാർ എന്നിവ മാതൃകയാക്കി കൂടുതൽ നദികൾ ശുചീകരിച്ച് സംരക്ഷിക്കുന്നതിന് ലക്ഷ്യമിട്ടിട്ടുണ്ട്.<br>കൂടാതെ, കേരള ജല അതോറിറ്റി മുൻകാലങ്ങളിലെ പോലെ വേനൽക്കാലത്ത് പുഴ സ്രോതസ്സായ പദ്ധതികളിൽ നീർച്ചാലുകൾ കീറിയും സ്ഥിരം തടയണകൾ നിർമ്മിച്ചും ജലവിതാനം ഉയർത്താറുണ്ട്. ഇത് കൂടാതെ തടയണകളിൽ ഷട്ടറുകൾ സ്ഥാപിച്ച് ജലം ശേഖരിച്ച് വയ്ക്കുകയും ശുദ്ധജലം പാഴായിപ്പോകുന്നത് തടയുന്നതിന് സമയബന്ധിതമായി വിതരണ ശൃംഖലയിലുണ്ടാകുന്ന അറ്റകുറ്റപ്പണികൾ നടത്തുന്നുണ്ട്. അടിയന്തിര അറ്റകുറ്റപ്പണികൾക്കായി ബ്ലൂബ്രിഗേഡ് സംവിധാനവും ജലമോഷണം തടയുന്നതിനായി ആന്റി തെഫ്റ്റ് സ്ക്വാഡും പ്രവർത്തിച്ച് വരുന്നു. ജലസംരക്ഷണത്തെക്കുറിച്ച് ജനങ്ങളിൽ ബോധവത്ക്കരണം |

| | | | |
|---|---|---|---|
| | | | നടത്തുന്നതിനായി പത്ര-ദൃശ്യ-ശ്രവ്യ മാധ്യമങ്ങൾ വഴി ജലത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും സംരക്ഷണത്തെക്കുറിച്ചും സന്ദേശങ്ങൾ പ്രചരിപ്പിക്കാറുണ്ട്.<br>ഭൂജല വകുപ്പ് പ്ലാൻ പദ്ധതിയായ ഭൂജലസംരക്ഷണവും കൃത്രിമഭൂജല സംപോഷണവും പദ്ധതിയിൻകീഴിൽ ഭൂജലവിതാനം ഉയർത്തുന്നതിനായി തുറന്നകിണർ /റീചാർജ്ജ് പിറ്റ് / കുഴൽകിണർ വഴിയുള്ള ഭൂജല സംപോഷണ പ്രവൃത്തികൾ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് സംസ്ഥാനത്ത് നടപ്പാക്കി വരുന്നു.<br>ജലനിധി പദ്ധതിയിൽ ജലക്ഷാമം പരിഹരിക്കുന്നതിനായി ജലനിധിയുടെ കുടിവെള്ള പദ്ധതി സ്രോതസ്സുകൾക്ക് അനുയോജ്യമായ ഭൂഗർഭ ജല പരിപോഷണ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു . ജലസംരക്ഷണത്തിനായി ജലനിധി കിണറുകളിൽ കിണർ റീചാർജ്ജ്, മേൽക്കൂര മഴവെള്ളസംഭരണം (Roof water Harvesting), ചെറുകിട തടയണകൾ, നീർക്കുഴികൾ, ഓട(ഓവ്ചാൽ നിർമ്മാണം), ഭൂമിയുടെ അടിയിലുള്ള തടയണകൾ , VCB (Vented cross Bar), എന്നീ രീതികൾ ഭൂമിയുടെ കിടപ്പനുസരിച്ച് നടപ്പിലാക്കിവരുന്നു. പാഴായിപ്പോകുന്ന മഴവെള്ളത്തെ മേൽപ്പറഞ്ഞ രീതികളിലൂടെ ജലനിധിയുടെ സ്രോതസ്സുകളെ സംരക്ഷിച്ച് വരികയാണ്. |

സെക്ഷൻ ഓഫീസർ